6. 27-6-1983-ലെ ചാത്തന്നൂർ ലോക്കപ്പ് മരണം (അബൂബേക്കർ കമ്മീഷൻ).

7. 6-7-1983-ലെ പുൽപ്പള്ളി—മുള്ളൻകൊല്ലി പോലീസ് വെടിവെപ്പ് (ജ. നാരായണപിള്ള കമ്മീഷൻ)

8. 10-10-1984-ൽ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഗ്യാലറി അപകടം (ചന്ദ്രശേഖരപിള്ള കമ്മീഷൻ)

9. 7-11-1984-ൽ മൂന്നാറിൽ തൂക്കുപാലം പൊട്ടി ഉണ്ടായ അപകടം (പരിപ്പാടൻ കമ്മീഷൻ)

10. വിദ്യുച്ഛക്തി വകുപ്പു മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ പേരിൽ ചില അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ജ. നാരായണപിള്ള കമ്മീഷൻ

11. ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്ക് എതിരായുള്ള ചില അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ജ. ജാനകിഅമ്മ കമ്മീഷൻ.

(സി) കമ്മീഷൻ കുറ്റക്കാരെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നു. മറ്റു വകുപ്പുകളിൽനിന്നും നിയമിച്ചവ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആഭ്യന്തര വകുപ്പിൽനിന്നും നിയമിച്ചിട്ടുള്ള 17 കമ്മീഷനുകളിൽ മൂന്ന് കമ്മീഷനുകൾ ഒഴികെ എല്ലാ കമ്മീഷനുകളുടേയും കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുള്ള ഗ്രാൻറ്

*483 [514] ശ്രീ കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് എന്തടിസ്ഥാനത്തിലും മാനദണ്ഡങ്ങളനുസരിച്ചുമാണ് ഗ്രാൻറ് നൽകുന്നത്;

(ബി) ഇപ്പോൾ നൽകുന്ന ഗ്രാൻറ് തുക വർദ്ധിപ്പിക്കേണ്ടതിൻറെ ന്യായം ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): (എ) ഭരണഘടന അനുശാസിക്കുന്ന പ്രകാരമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഗ്രാൻറ് നൽകുന്നത്.

(ബി), (സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly